LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലായി സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി പുനഃസ്ഥാപനത്തിനായി ഫിഷറീസ് വകുപ്പ് മുഖേന 45.2492 കോടി രൂപയുടെ സുനാമി അടിയന്തിര സഹായ പദ്ധതി (ടീപ്പ്)-യും 23.29 കോടി രൂപയുടെ സുനാമി പുനരധിവാസ പദ്ധതി (ടി. ആർ. പി.)-യും 21.2186 കോടി രൂപയുടെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള (പി.എം.എൻ.ആർ.എഫ്.) പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇതിൽ സുനാമി അടിയന്തിര സഹായ പദ്ധതി 2009 ഒക്ടോബർ മാസത്തിൽ പൂർത്തിയായിട്ടുണ്ട്. പ്രധാനപ്പെട്ട 29 പുനരധിവാസ പദ്ധതിയിൽ 24 പദ്ധതികളും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള പദ്ധതിയിൽ ഭരണാനുമതി ലഭിച്ച 5 പദ്ധതികളിൽ ഒരു പദ്ധതിയും പൂർത്തിയായിട്ടുണ്ട്.

(ബി) ടി ആർ പി. യിൽ ബാക്കിയുള്ള 5 പദ്ധതികളും പി. എം. എൻ. ആർ. എഫിൽ ബാക്കിയുള്ള 4 ൽ മൂന്ന് പദ്ധതികളും 80% പൂർത്തിയാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ എല്ലാ പദ്ധതികളും പൂർത്തീകരിക്കാനാവും. പദ്ധതി വിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

(സി) സുനാമി പുനരധിവാസ പദ്ധതിയിലും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള പദ്ധതിയിലുമായി ഇനി പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ വിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

(ഡി) സുനാമി അടിയന്തിര സഹായ പദ്ധതിയിൽ 45.2492 കോടി രൂപയും സുനാമി പുനരധിവാസ പദ്ധതിയിൽ 15.6164 കോടി രൂപയും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള പദ്ധതിയിൽ 14.3812 കോടി രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ

214 (508) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ ഏതെല്ലാമാണ് ലാഭകരമായി പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിന് ഫിഷറീസ് വകുപ്പ് എന്തെല്ലാം നടപടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സുനാമി അടിയന്തിര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച 15 തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന 14 സൂപ്പർ മാർക്കറ്റുകൾ താഴെപ്പറയുന്നവയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നമ്പർ	സൂപ്പർ മാർക്കറ്റിന്റെ പേര്	ജില്ല
1	തീരമൈത്രി സൂപ്പർ മാർക്കറ്റ്, ശാർക്കര, ചിറയിൻകീഴ്	തിരുവനന്തപുരം
2	തീരമൈത്രി സൂപ്പർ മാർക്കറ്റ്, ഉച്ചക്കട, പൊഴിയൂർ	തിരുവനന്തപുരം
3	തീരമൈത്രി സൂപ്പർ മാർക്കറ്റ്, കരുനാഗപ്പള്ളി, കൊല്ലം	കൊല്ലം
4	തീരമൈത്രി സൂപ്പർ മാർക്കറ്റ്, ആലപ്പുഴ	ആലപ്പുഴ
5	തീരമൈത്രി സൂപ്പർ മാർക്കറ്റ്, എടവനക്കാട്	എറണാകുളം
6	തീരമൈത്രി സൂപ്പർ മാർക്കറ്റ്, വളപ്പ്	എറണാകുളം
7	തീരമൈത്രി സൂപ്പർ മാർക്കറ്റ്, പെരിഞ്ഞനം	തൃശ്ശൂർ
8	തീരമൈത്രി സൂപ്പർ മാർക്കറ്റ്, ശ്രീനാരായണപുരം, കൊടുങ്ങല്ലൂർ	തൃശ്ശൂർ
9	തീരമൈത്രി സൂപ്പർ മാർക്കറ്റ്, തിരൂർ	മലപ്പുറം
10	തീരമൈത്രി സൂപ്പർ മാർക്കറ്റ്, കോഴിക്കോട്	കോഴിക്കോട്
11	തീരമൈത്രി സൂപ്പർ മാർക്കറ്റ്, കൊയിലാണ്ടി	കോഴിക്കോട്
12	തീരമൈത്രി സൂപ്പർ മാർക്കറ്റ്, പഴയങ്ങാടി	കണ്ണൂർ
13	തീരമൈത്രി സൂപ്പർ മാർക്കറ്റ്, കുമ്പള	കാസർഗോഡ്
14	തീരമൈത്രി സൂപ്പർ മാർക്കറ്റ്, നീലേശ്വരം	കാസർഗോഡ്

(ബി) സുനാമി ദുരന്തത്തിനിരയായ തീരദേശ ജനങ്ങളുടെ ജീവിതം സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിനായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ സുനാമി അടിന്തിര സഹായ പദ്ധതി പ്രകാരം സപ്ലൈകോയുടെ സഹായത്തോടെയും സഹകരണത്തോടെയും ആരംഭിച്ചിട്ടുള്ള തീരമൈത്രി സൂപ്പർ മാർക്കറ്റുകളുടെ സുഗമമായ നടത്തിപ്പിന് ഫിഷറീസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

1. തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ വിൽക്കുന്നതിനുള്ള നടപടികൾ എടുത്തിരുന്നു. തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴി വിതരണം ചെയ്യുന്ന മാവേലി ഇനങ്ങൾക്ക് സബ്സിഡി നൽകുന്നിലേയ്ക്കായി 2 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

2. പ്രവർത്തന മൂലധനത്തിന് കുറവുണ്ടെന്ന് ഒന്നിലധികം യൂണിറ്റുകൾ അറിയിച്ചതിനെത്തുടർന്ന് ഓരോ തീരമൈത്രി സൂപ്പർ മാർക്കറ്റിനും അധിക പ്രവർത്തന മൂലധനമായി 50000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. ഇത്തരം സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കാനായി മാനേജ്മെന്റ്, കണക്കെഴുത്ത് എന്നിവയിൽ പരിശീലനവും തുടർപരിശീലനവും നൽകിയിട്ടുണ്ട്.

4. തീരമൈത്രി സംരംഭങ്ങളുടെ തുടർച്ചയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം കൂടി ഉറപ്പാക്കാനായി തീരദേശ പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുള്ള തീരമൈത്രി മാനേജ്മെന്റ് കൗൺസിലുകളിൽ എല്ലാ സൂപ്പർ മാർക്കറ്റുകളും അംഗങ്ങളായിട്ടുണ്ട്.

5. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മാർക്കറ്റിംഗ് പ്രൊഫഷണലുകളുടെ സേവനം ലഭ്യമാക്കുകയുണ്ടായി.

മത്സ്യബന്ധനമേഖലയിൽ കടാശ്വാസ പദ്ധതികൾ

218(307) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം മത്സ്യബന്ധനമേഖലയിൽ പാവപ്പെട്ട മത്സ്യതൊഴിലാളികൾക്ക് എന്തെല്ലാം കടാശ്വാസ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; വിവരിക്കുമോ; ഇതിനായി എത്രകോടി രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) മത്സ്യതൊഴിലാളികളുടെമേലുള്ള ചൂഷണം തടയുന്നതിനും ഇവരുടെ ഉന്നമനം ഉറപ്പുവരുത്തുന്നതിനുമായി ഈ സർക്കാർ എന്തെങ്കിലും സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 9891 മത്സ്യത്തൊഴിലാളികളുടെ 1182.60 ലക്ഷം രൂപയുടെ ഹഡ്കോ ഭവന വായ്പ കുടിശ്ശികയും 48355 മത്സ്യത്തൊഴിലാളികളുടെ 115,03,49,024 രൂപയുടെ എൻ.സി.ഡി.സി. വായ്പ കുടിശ്ശികയും പൂർണ്ണമായും എഴുതിത്തള്ളി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മീഷന്റെ രണ്ടാം ഘട്ട ശുപാർശയുടെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുടെ തനത് ഫണ്ട്, മത്സ്യഫെഡ് നൽകിയ എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നീ വായ്പകളുമായി ബന്ധപ്പെട്ട കടാശ്വാസം നൽകുന്നതിന് 12.44 കോടി രൂപയും 1969-ലെ കേരള സഹകരണ സംഘം നിയമ പ്രകാരം പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും വായ്പ എടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിന് 241.15 കോടി രൂപയും അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിന് പലിശരഹിത വായ്പ പദ്ധതി, റിവോൾവിംഗ് ഫണ്ട് പദ്ധതി, സമ്പാദ്യസമാശ്വാസ പദ്ധതി, പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ട്രോളിംഗ് നിരോധന കാലയളവിൽ സൗജന്യ റേഷൻ, എ.പി.എൽ., ബി.പി.എൽ. പരിഗണന കൂടാതെ 1.60 ലക്ഷം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly